**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2776** **22-01-2021 - ൽ മറുപടിയ്ക്ക്**

**കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ ഭാഗമായ കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചത്; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ ഭാഗമായ കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന തടസ്സങ്ങൾ ഇപ്പോൾ പരിഹരിച്ചു കഴിഞ്ഞോ; ഇപ്പോൾ കരാർ ഏറ്റെടുത്ത കമ്പനി/വ്യക്തി ഏതാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല, M/s സതേൺ ഡ്രെഡ്ജിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ഫ്ലാറ്റ് നം.905, പയനിയർ ടവേഴ്സ് മറൈൻ ഡ്രൈവ്, കൊച്ചി, കേരള – 682 031 -ന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) | കരാർ പ്രകാരമുള്ള പ്രവൃത്തി എന്ന് ആരംഭിക്കും; വിശദമാക്കാമോ; പ്രവൃത്തി ആരംഭിച്ച് എത്ര സമയത്തിൽ തീർക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | കരാർ ഉടമ്പടിയുടെ ഭാഗമായ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നിക്ഷേപിക്കുന്ന സ്ഥലം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി കരാറുകാർ ബഹു.ഹൈക്കോടതിയിൽ കേസ് നൽകിയിരിക്കുകയാണ്. (ഡബ്ല്യു.പി(സി) 627/2021) പ്രസ്തുത കേസിന്മേൽ ബഹു.കോടതിയുടെ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. പ്രവൃത്തി എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത്, 18 മാസം കൊണ്ട് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ